## 14-ാം കേരള നിയമ സഭ

## 14-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .303** **28-01-2019 -ൽ മറുപടിയ്ക്ക്**

**<u>കൊച്ചിൻ മെഡിക്കൽ കോളേജ്</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി. തോമസ്** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പ മന്ത്രി)** |
| (എ) കൊച്ചിൻ മെഡിക്കൽകോളേജ് ആസ്തി ബാദ്ധ്യതകളോടെ സർക്കാർ ഏറ്റെടുത്തപ്പോൾ ആകെ എത്ര ജീവനക്കാരാണ് ഉണ്ടായിരുന്നതെന്ന് വിശദമാക്കാമോ; | (എ) റെഗുലർ,ഡെപ്യൂട്ടേഷൻ,കരാർ,ദിവസ വേതനം,കൺസൽട്ടൻറ് എന്നീ വിഭാഗങ്ങളിലായി 835 ജീവനക്കാരുണ്ടായിരുന്നു. |
| (ബി) ഇവരെ സർക്കാർ സർവ്വീസിൽ ലയിപ്പിക്കുന്നതിനായി തസ്തികകൾ സൃഷ്ടിക്കുകയുണ്ടായോ; വിശദമാക്കാമോ; | (ബി) കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ 375 സ്ഥിരം ജീവനക്കാർക്ക് വേണ്ടി 148 അധ്യാപക തസ്തികകളും,202 അനധ്യാപക തസ്തികകളും 25 മിനിസ്റ്റീരിയൽ/ഇതര വിഭാഗം തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കരാർ/ദിവസവേതന ജീവനക്കാർക്ക് വേണ്ടി 315 തസ്തികകൾ സൃഷ്ടിച്ചു. ഇവരെ സർക്കാർ സർവ്വീസിൽ ലയിപ്പിക്കുവാൻ കഴിയാത്തതിനാൽ പ്രസ്തുത തസ്തികകളിൽ കരാർ/ദിവസ വേതന ജീവനക്കാരായി തന്നെ തത്ക്കാലം തുടരാൻ അനുവദിച്ചിട്ടുണ്ട്. |
| (സി) ഇതിൽ എത്ര പേരുടെ നിയമന നടപടികൾ പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ; | (സി) 231 സ്ഥിരം ജീവനക്കാരുടെ നിയമന നടപടികൾ പൂർത്തീകരിച്ചു. |

(ഡി) ഏറ്റെടുത്തപ്പോൾ ഉണ്ടായിരുന്ന ദിവസവേതന ജീവനക്കാരിൽ എത്രപേർ നിലവിൽ ഉണ്ടെന്നു വിശദമാക്കാമോ; ഇവർക്കായി തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരെ സർവ്വീസിൽ ലയിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(ഡി) കരാർ/ദിവസ വേതന ജീവനക്കാർക്ക് വേണ്ടി സൃഷ്ടിച്ച തസ്തികകളിൽ 156 ദിവസ വേതന ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. തസ്തികകൾ സൃഷ്ടിച്ചാൽ മാത്രമേ ദിവസവേതന/കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം നൽകുവാൻ കഴിയുകയുള്ളു. ഇവരെ സർക്കാർ സർവ്വീസിൽ ലയിപ്പിക്കുവാൻ കഴിയാത്തതിനാൽ പ്രസ്തുത തസ്തികകളിൽ കരാർ/ദിവസ വേതന ജീവനക്കാരായി തന്നെ തത്ക്കാലം തുടരാൻ അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**